മെട്രോ മനോരമ

09 January 2020



നീരാളിബിരിയാണിയുണ്ടാക്കുന്നു.

# നീരാളി ബിരിയാണി: വായിൽ നീരോടും

## സിഎംഎഫ്ആർഐയിൽ ആരംഭിച്ച കടൽ വിഭവങ്ങളുടെ ഭക്ഷ്യമേള നാളെ സമാപിക്കും

കൊച്ചി • ഔഷധമൂല്യമേറിയ കടൽമുരിങ്ങ ജീവനോടെ കഴിക്കാൻ സിഎംഎഫ്ആർഐയിൽ ആരംഭിച്ച കടൽ വിഭവങ്ങളുടെ ഭക്ഷ്യമേളയിലേക്കു വരിക. ഉച്ചയ്ക്ക് 12 മുതൽ രാത്രി 8 വരെ നടക്കുന്ന മേള നാളെ സമാപിക്കും. സ്വാദൂറുന്ന ഭക്ഷ്യവിഭവങ്ങൾ കഴിക്കുന്നതിനോടൊപ്പം, പാകം ചെയ്യാൻ പാകത്തിൽ കഴുകി ശുദ്ധീകരിച്ച നല്ലയിനം ഞണ്ടിറച്ചിയും കൃഷിയിലൂടെ വിളവെടുത്ത ജീവനോടെയുള്ള മീനുകളും മേളയിൽനിന്നു വാങ്ങാം. പ്രവേശനം സൗജന്യം.

നീരാളി വിഭവങ്ങളാണ് ഈ മേളിലെ മറ്റൊരു ആകർഷണം. നീരാളിബിരിയാണി, ചെമ്മീൻ ബിരിയാണി, പുട്ട്, കൂന്തൽ റോസ്റ്റ്, മൊമോ തുടങ്ങിയ വിഭവങ്ങൾ മേളയിൽ ലഭിക്കും. കല്ലുമ്മക്കായ നിറച്ചു പൊരിച്ചത്, ചെമ്മീൻ– കൂന്തൽ– ഞണ്ട് രുചിക്കൂട്ടുകൾ എന്നിവ അടങ്ങുന്ന കടൽ വിഭവങ്ങളും മേളയിലുണ്ട്. ലക്ഷദ്വീപിലെ മിനിക്കോയിൽ നിന്നുള്ള വൈവിധ്യമായ മീൻവിഭവങ്ങളും ഇവിടെ ലഭിക്കും. ചൂര കൊണ്ടുള്ള ദ്വീപ് വിഭവങ്ങൾ ഏറെ പ്രശസ്തമാണ്.